കേരള സർക്കാർ

# ക്ഷീരപഥം

പുസ്തകം- 11 ലക്കം- 2 മാർച്ച് 2022

ക്ഷീരവികസന വകുപ്പ് പ്രസിദ്ധീകരണം



"
ഈ ലോകത്തെ അൽപമൊന്ന്
മാറ്റിമറിക്കാൻ നമുക്ക്
ഓരോരുത്തർക്കും കഴിയും,
എന്നാൽ ഈ ലോകത്തെ
മനസ്സിലാക്കണമെങ്കിൽ
അതിന്റെ ഉള്ളിൽ നിന്നുതന്നെ
നോക്കി കാണണം

*- ഡോ. വർഗ്ഗീസ് കുര്യൻ*
"



# ഡോ.വർഗ്ഗീസ് കുര്യൻ



വര: ദീപക് മൗത്താട്ടിൽ

ഇന്ത്യയുടെ പാൽക്കാരൻ എന്നറിയപ്പെടുന്ന ഡോ.വർഗ്ഗീസ് കുര്യൻ എന്ന യുഗപ്രഭാവന്റെ ജന്മശതാബ്ദി നാം ആഘോഷിക്കുകയാണ്. 1921 നവംബർ 26 ന് കേരളത്തിലെ കോഴിക്കോട് ജനിച്ച അദ്ദേഹം ഇന്ത്യയിലെ ലക്ഷോപലക്ഷം ക്ഷീരകർഷകരുടെ രക്ഷകനായി മാറിയത് അദ്ദേഹത്തിന്റെ ജന്മനിയോഗം എന്ന് മാത്രമേ വിശേഷിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

1940-ൽ മദ്രാസ് ലയോള കോളേജിൽ നിന്ന് ഫിസിക്സിൽ ബിരുദവും ഗിണ്ടി എഞ്ചിനിയറിംഗ് കോളേജിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനിയറിംഗ് ബിരുദവും നേടിയ അദ്ദേഹത്തിന്റെ പ്രവർത്തനമേഖല ക്ഷീരവികസനത്തിലേക്ക് തിരിഞ്ഞത് യാദൃശ്ചികം മാത്രമാണ്. 1945-ൽ ഭാരത സർക്കാർ ഇന്ത്യയിലെ 400 യുവ എഞ്ചിനിയർമാരെ യുദ്ധാനന്തര നിർമ്മാണ ജോലിയിൽ വൈദഗ്ധ്യം നേടാനായി അമേരിക്കയിലും ഇംഗ്ലണ്ടിലും അയച്ച് പരിശീലനം നൽകി. ശ്രീ.കുര്യന് ലഭിച്ചത് ഡയറി എഞ്ചിനിയറിംഗാണ്. അദ്ദേഹം മെറ്റലർജി മുഖ്യവിഷയമായും ആണവ ഭൗതിക ശാസ്ത്രവും ഡയറി എഞ്ചിനീയറിംഗും ഉപവിഷയങ്ങളായും എടുത്ത് ബിരുദാന്തര ബിരുദം കരസ്ഥമാക്കി.

ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷം 1948 ൽ ഗുജറാത്തിലെ ആനന്ദിൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറി എഞ്ചിനിയറായി നിയമനം ലഭിച്ചു. സർക്കാർ ജോലിയിൽ നിരാശനായ ഡോ.വർഗ്ഗീസ് കുര്യൻ തൊട്ടടുത്ത് പ്രവർത്തിക്കുന്ന കെയ്റ കോ-ഓപ്പറേറ്റീവിന്റെ ഡയറി കാണാനിടയാകുകയും അതിന്റെ നായക സ്ഥാനത്ത് ഉണ്ടായിരുന്ന ശ്രീ. ത്രിഭുവൻദാസ് പട്ടേൽ, കെയ്റ ഡയറിയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ഡോ.കുര്യന്റെ ഉപദേശം തേടുകയും ചെയ്തു. ഡോ.കുര്യൻ സർക്കാർ ജോലി രാജി വച്ച് കെയ്റ കോ-ഓപ്പറേറ്റീവിൽ സേവനം ആരംഭിച്ചു. 1951 - ഏപ്രിൽ 1 ന് കെയ്റ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആദ്യത്തെ ജനറൽ മാനേജരായി ഡോ.കുര്യൻ സ്ഥാനമേറ്റെടുത്തു. 1955-ൽ അമുൽ എന്ന് നാമകരണം ചെയ്ത പുതിയ പ്ലാന്റ് അന്നത്തെ പ്രധാനമന്ത്രി ശ്രീ.ജവഹർലാൽ നെഹ്റു ഉദ്ഘാടനം ചെയ്തു. അമുൽ എന്ന തുടക്ക



കമ്പനിയെ ലോകവിപണിയുടെ മുൻ നിരയിലെത്തിച്ചത് ഇദ്ദേഹത്തിന്റെ കഠിനപ്രയത്ന മാണ്.

അമൂലിന് സമാനതയുള്ള സഹകരണ പ്രസ്ഥാനങ്ങൾ നാല് അയൽ ജില്ലകളിൽ കൂടി നിർമ്മിക്കുകയുണ്ടായി. അമൂലിനെ വ്യത്യസ്തമായ ഒരു വ്യവസായ സ്ഥാപനമാക്കിയത് അതിന്റെ ലക്ഷ്യം സ്വകാര്യലാഭമായിരുന്നില്ല എന്നതാണ്. സംഘാംഗ ങ്ങളായ 36 ലക്ഷം കർഷകരാണ് അമൂലിന്റെ യഥാർത്ഥ ഉടമസ്ഥർ. ഉദ്യോഗസ്ഥർ കർഷകരുടെ ശമ്പളം പറ്റുന്ന ജീവനക്കാർ മാത്രം. നന്നായി പാൽ തരുന്ന കറവപശുവിന്റെ ഉടമ ആകുക എന്നതായിരുന്നു ഏക യോഗ്യത.



1964-ൽ അമൂൽ സന്ദർശിച്ച അന്നത്തെ പ്രധാനമന്ത്രി ശ്രീ. ലാൽബഹാദൂർ ശാസ്ത്രി ഡോ.കുര്യനെ നാഷണൽ ഡയറി ഡെവല പ്പ്മെന്റ് ബോർഡിന്റെ ചെയർമാനാക്കുകയും, അമൂലിന്റെ വിജയഗാഥ കണ്ട ഭാരതസർക്കാർ ഇത് ഇന്ത്യയിലാകമാനം ആവർത്തിക്കാനായി ഡോ. കുര്യനെ നേതൃസ്ഥാനത്തു നിർത്തി ഓപ്പറേഷൻ ഫ്ളഡ് എന്ന പദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്തു. അവിടെ കണ്ട വിജയം ഇന്ത്യയിലാകമാനം നടപ്പിലാക്കി. 1970-80 വരെ ഒന്നാം ഘട്ടം 1981-85 വരെ രണ്ടാംഘട്ടം 1985-96 മൂന്നാം ഘട്ടം എന്നിങ്ങനെ മൂന്ന് ഘട്ടമായിട്ടാണ് ഓപ്പറേഷൻ ഫ്ളഡ് ഇന്ത്യയിൽ നടപ്പി ലാക്കിയത്. ഈ മൂന്ന് ഘട്ടങ്ങളിലൂടെയും ക്ഷീരവികസന മേഖലയ്ക്ക് ഒരു കുതിച്ചുച്ചാട്ടം ഉണ്ടാകുകയും ചെയ്തു.

ഓപ്പറേഷൻ ഫ്ളഡ് പദ്ധതി തുടങ്ങി യതിനു ശേഷം പാലിന് കർഷകർക്ക് ലഭിക്കുന്ന വിലയിൽ ഒരിക്കലും ചാഞ്ചാട്ടം ഉണ്ടായിട്ടില്ല. കാർഷിക മേഖലയിൽ സ്ഥിരമായ വളർച്ചാ നിരക്ക് കഴിഞ്ഞ രണ്ട് ദശാബ്ദത്തിൽ 4.3 ശതമാനവും ആളോഹരി പാൽ ലഭ്യതയുടെ വളർച്ചാനിരക്ക് 2.79 ശതമാനവും നേടി സ്ഥിരതയാർന്ന മേഖലയായി ക്ഷീരമേഖല വളർന്നു നിൽക്കുന്നു .

ഗുജറാത്തിലെ ആനന്ദ് മിൽക്ക് യൂണിയന്റെ വിജയം, ഓപ്പറേഷൻ ഫ്ളഡിന്റെ രണ്ടാം ഘട്ടത്തിൽ കേരളത്തിൽ മിൽമ എന്ന പ്രസ്ഥാനം സഹകരണാടിസ്ഥാനത്തിൽ കെട്ടിപ്പടുക്കാൻ കാരണമായി. ഡോ.കുര്യൻ സൃഷ്ടിച്ച ധവളവിപ്ലവം യഥാർത്ഥത്തിൽ ഇന്ത്യയിൽ പിന്നീടുണ്ടായ പരിവർത്ത നങ്ങളുടെ തുടക്കം ആയിരുന്നു. കർഷകരുടെ ഉടമസ്ഥതയിലുള്ള, ലോകത്തെ മികച്ച ബഹുരാഷ്ട്ര ബിസിനസ്സ് സ്ഥാപനം കെട്ടിപടുക്കുകയും, ഇപ്പോഴും 2 കോടി കർഷകരെ ഒരുമിപ്പിച്ചു നിർത്തുന്ന ലോകത്തെ ഏറ്റവും വലിയ ഗ്രാമവികസന പ്രവർത്ത നമായി ആനന്ദ് നിലകൊള്ളുകയും ചെയ്യുന്നു.

സഹകരണ പ്രസ്ഥാനം ഗ്രാമീണ കാർഷിക മേഖലയുടെ വികസന പ്രക്രിയയ്ക്ക് ഊന്നൽ നൽകി ക്കൊണ്ട് കേരളത്തിന്റെ സാമൂഹിക സാം സ്കാരിക മേഖലയിൽ കരുത്തുറ്റ ശക്തിയായി സഹകരണ മേഖല വളരാന്നുള്ള പ്രധാന കാരണം ഡോ.വർഗ്ഗീസ് കുര്യന്റെ ആശയങ്ങളിലൂടെ വളർന്നു വരുന്ന സഹകരണ പ്രസ്ഥാനമാണ്.

നിരവധി ബഹുമതികൾക്കുടമയാണ് ഡോ.വർ ഗ്ഗീസ് കുര്യൻ. 2012 സെപ്റ്റംബർ 9 ന് ഡോ.വർഗ്ഗീസ് കുര്യൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

ഡോ.കുര്യന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ സഹകരണ മേഖലയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ ഏതൊരു ഭാരതീ യനും അഭിമാനം ഉളവാക്കുന്നതാണ്. ശ്രീ വർഗ്ഗീസ് കുര്യനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജന്മദിനം നാം ദേശീയ ക്ഷീരദിനമായി ആഘോഷിക്കുന്നു. ഈ വർഷത്തെ ശ്രീ കുര്യന്റെ ജന്മശദാബ്ദി ആഘോഷത്തിന്റെ ഉദ്ഘാടനവും പൂർണ്ണകായ പ്രതിമ അനാച്ഛാദനവും കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ 26 നവംബർ 2021 ന് നിർവഹിക്കുകയുണ്ടായി .

**ഡോ. വർഗ്ഗീസ് കുര്യന് ലഭിച്ച ബഹുമതികൾ**

1963 -ൽ മാഗ്സസെ അവാർഡ്
1965 -ൽ പത്മശ്രീ
1966 -ൽ പത്മഭൂഷൺ
1989 -ൽ വേൾഡ് ഫുഡ് പ്രൈസ്
1999 -ൽ പത്മവിഭൂഷൺ



# ക്ഷീരശ്രീ പോർട്ടൽ



കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ക്ഷീരവികസന വകുപ്പിന്റെ അഭിമാനപദ്ധതി കളിലൊന്നായ 'ക്ഷീരഗ്രാമം' ഈ വർഷം കർഷകരുടെ അപേക്ഷ സമർപ്പണം മുതൽ ബില്ല് മാറി ധനസഹായതുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുന്നത് വരെയുള്ള എല്ലാ നടപടികളും ക്ഷീരശ്രീ പോർട്ടൽ മുഖേന ഓൺലൈൻ ആയി നടപ്പിലാക്കുന്നു. ക്ഷീരവികസന വകുപ്പിന് വേണ്ടി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ആണ് പോർട്ടൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇൻഡ്യയിൽത്തന്നെ ആദ്യമായാണ് ക്ഷീരസംഘങ്ങൾക്കായി ഇത്തരത്തിൽ ഒരു വെബ്പോർട്ടൽ രൂപീകരിക്കുന്നത്. ksheerasree.kerala.gov.in എന്ന URL ഉപയോഗിച്ചാണ് പോർട്ടൽ പ്രവേശിക്കേണ്ടത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളായ ട്രഷറി, റവന്യൂ, പൊതുവിതരണം എന്നീ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് പരിപൂർണമായും ഓൺലൈൻ ആയാണ് പദ്ധതി നിർവഹിച്ചു വരുന്നത് . ക്ഷീരകർഷകർക്ക് മൊബൈൽ ഫോണിലൂടെയോ ലാപ്ടോപ്പിലൂടെയോ സമീപത്തുള്ള അക്ഷയകേന്ദ്രം മുഖേനയോ ക്ഷീരവികസന ഓഫീസ് മുഖേനയോ ക്ഷീരസംഘം മുഖേനയോ അനായാസേന ഓൺലൈൻ മുഖേന വകുപ്പ് സേവനങ്ങൾ ലഭ്യമാകുന്നതാണ്. 'സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ക്ഷീരവികസന വകുപ്പ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. കർഷകർ നേരിട്ട് ഓഫീസിൽ ഹാജരാകേണ്ടതില്ല എന്നതും രേഖാമൂലം ഒരു അപേക്ഷയും ഓഫീസിൽ എത്തിക്കേണ്ടതില്ല എന്നതും ഒരു പ്രത്യേകതയാണ്. റേഷൻ കാർഡ്, കരം തീർത്ത രസീത് എന്നിവയൊന്നും ഹാജരാക്കാതെ തന്നെ ഓൺലൈൻ മുഖേന ടി വിവരങ്ങൾ പരിശോധിക്കാൻ ഉദ്യോഗസ്ഥർക്ക് പോർട്ടൽ മുഖേന സാധിക്കും. തന്മൂലം ക്ഷീരകർഷകർക്ക് അപേക്ഷ സമർപ്പിക്കുവാൻ വളരെയധികം അനായാസവും സൗകര്യപ്രദവും ആയിത്തീർന്നിരിക്കുകയാണ്. സുതാര്യവും കാര്യക്ഷമവും ആയി പദ്ധതി നടപ്പിലാക്കാനും സാധിക്കുന്നു.

ഈ സംരംഭത്തിന്റെ ഉദ്ഘാടനം 2021 ഡിസംബർ 1 ന് ബഹു MLA അഡ്വ. V K പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ ബഹുമാന്യയായ ക്ഷീരവികസന- മൃഗസംരക്ഷണവകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകൾ നിർവഹിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശ്രീ . V P സുരേഷ് കുമാർ അവർകൾ സ്വാഗതം ആശംസിച്ചു . തദവസരത്തിൽ ബഹു. ക്ഷീരവികസന വകുപ്പ് മന്ത്രി ക്ഷീരശ്രീ പോർട്ടൽ വഴി ആദ്യ അപേക്ഷ സ്വീകരിക്കുകയും അതോടൊപ്പം ജില്ലയിൽ ഇ- ഓഫീസ് സംവിധാനം കാര്യക്ഷമമായി നടത്തിയ പാലക്കാട് ജില്ലയ്ക്കുള്ള പുരസ്കാര വിതരണം നടത്തുകയും ചെയ്തു. ഉദ്ഘാടതോടനുബന്ധിച്ചു നടത്തിയ ടെക്നിക്കൽ സെഷന്റെ ഉദ്ഘാടനം ബഹു. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. P P ജോയ് IAS അവർകൾ ഓൺ ലൈൻ ആയി നിർവഹിക്കുകയുണ്ടായി.







# യൂണിഫൈഡ് സോഫ്റ്റ്‌വെയർ





സുസ്ഥിര ഗ്രാമ വികസനത്തിന്റെ അടിത്തറയെ സ്വാധീനിക്കുന്ന പ്രധാന ഘടകമായ ക്ഷീരമേഖലയുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള സർക്കാരും ക്ഷീരവികസന വകുപ്പും നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

ക്ഷീരമേഖലയുടെ നെടുംതൂണായി പ്രവർത്തിക്കുന്നത് ക്ഷീരസംഘങ്ങളാണ്. കേരളത്തിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 3342 ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി ഒരു Web based Centralized Application Software രൂപകൽപന ചെയ്ത് ആവിഷ്ക്കരിക്കുക എന്നതാണ് യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതിയുടെ ലക്ഷ്യം. ക്ഷീരസഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ വിവരങ്ങൾ ഉൾപ്പെടെ പാൽ സംഭരണ വിവരങ്ങളും ഗുണനിലവാരവും തത്സമയം രേഖപ്പെടുത്തുന്നതിനും, സംഘങ്ങളുടെ എല്ലാവിധ കണക്കുകളും കൈകാര്യം ചെയ്യുന്നതിനും തദ്വാരാ കൂടുതൽ കാര്യക്ഷമമായും സുതാര്യമായും ക്ഷീരസഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ക്ഷീരകർഷകർക്ക് ന്യായമായ വില യഥാസമയം ലഭ്യമാക്കുക എന്നതും ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് അവശ്യ സേവനങ്ങൾ കൃത്യമായും, അർഹരായവർക്കും ലഭിക്കുക എന്നതും യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും, കർഷകരുടെ പരാതികൾ പരിഹരിക്കുന്നതിനും, വകുപ്പിന്റെ ധനസഹായ പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിനും അഴിമതിരഹിതവും സുതാര്യവുമായ ക്ഷീരസഹകരണ മേഖല ഉറപ്പുവരുത്തുന്നതിനുമായാണ് യൂണിഫൈഡ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും സംയോജനവും ഈ സോഫ്റ്റ്‌വെയർ ലക്ഷ്യമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന National Informatics Centre (NIC) ആണ് ഈ സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്യുന്നത്. കോർ ബാങ്കിംഗ് സംവിധാനത്തിന് തുല്യമായ ഈ സോഫ്റ്റ്‌വെയർ ഇന്ത്യയിൽ ഇദംപ്രഥമമായാണ് രൂപീകരിക്കുന്നത്. യൂണിഫൈഡ് സോഫ്റ്റ്‌വെയർ പൂർണമായും പ്രാബല്യത്തിൽ ആകുന്നതോടെ ക്ഷീരവികസന മേഖലയിൽ വലിയൊരു നാന്ദി കുറിക്കുകയും, സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയുകയും ചെയ്യുന്നതാണ്.



# കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ (KSDMIC)

സുസ്ഥിര ഗ്രാമ വികസനത്തെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് ക്ഷീര മേഖല. കേവലം ദാരിദ്ര്യ നിർമ്മാർജ്ജനോപാധി എന്ന നിലയിൽ നിന്നും സ്ഥായിയായ ഒരു വരുമാന മാർഗ്ഗമായി മാറിക്കൊണ്ടിരിക്കുന്ന ഈ മേഖല കേരളത്തിന്റെ സമ്പദ്ഘടന യെപ്പോലും നിയന്ത്രിക്കുന്ന തലത്തിലേക്ക് ഉയർന്നിരിക്കുകയാണ്. ഇപ്പോൾ അഭ്യസ്തവിദ്യരായ യുവജനങ്ങളും പ്രവാസികളും ഉൾപ്പെടെ അനേകം പുതിയ സംരംഭകർ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നു. നിലവിലുള്ള കാലഘട്ടത്തിനും സാഹചര്യത്തിനും അനുസൃതമായി ക്ഷീര മേഖലയിലെ വെല്ലുവിളികളെ നേരിടുന്നതിന് ക്ഷീര കർഷകരെ സുസജ്ജരാക്കേണ്ടതും വകുപ്പ് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവര ശേഖരണം, ക്രോഡീകരണം, വിശകലനം, നിർവ്വഹണം, വൈവിധ്യവൽക്കരണം എന്നിവ യഥാസമയം പ്രാവർത്തികമാക്കേണ്ടതും ഇന്നിന്റെ ആവശ്യകതയാണ്.

ക്ഷീര മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് ആവശ്യമായതും, ക്ഷീര വികസന വകുപ്പിന്റെ പൂർണ്ണമായ നിയന്ത്രണത്തിലുള്ളതുമായ നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിലൂടെ വിജ്ഞാന പ്രദമായ വിവരങ്ങൾ സാധാരണക്കാരിലേയ്ക്ക് കൈമാറുന്നതിനും, ഫലപ്രദമായ രീതിയിൽ പദ്ധതികൾ നിർവ്വഹിക്കുന്നതിനും അവയെ മോണിറ്റർ ചെയ്യുന്നതിനും സാധിക്കുന്നു. തീറ്റപ്പുൽകൃഷി വികസനം, പാരമ്പര്യേതര കാലിത്തീറ്റയുടെ ഉപയോഗം, പോഷകമൂല്യമുള്ള കന്നുകാലിത്തീറ്റയുടെ പ്രാധാന്യം, മൂല്യാധിഷ്ഠിത പാലുൽപ്പന്നങ്ങളുടെ ഉപഭോഗം, വിവരസാങ്കേതിക വിദ്യകളിലൂടെയുള്ള വിവര ശേഖരണം, ബോധവൽക്കരണം എന്നിങ്ങനെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ടുള്ള വിവിധങ്ങളായ വിഷയങ്ങളുടെ പ്രാധാന്യവും പ്രസക്തിയും ക്ഷീര കർഷകരുടെ ഇടയിലേയ്ക്ക് എത്തിക്കുന്നതിന് വകുപ്പ് ശ്രമിക്കുന്നു. ഇത്തരം ഇടപെടലുകളുടെ ഭാഗമായി വകുപ്പിനു ലഭിക്കുന്ന ഡാറ്റ അനലൈസ് ചെയ്ത് ക്ഷീര കർഷകരുടെ പുരോഗതിയ്ക്കായുള്ള പദ്ധതി തയ്യാറാക്കുന്നതിനും മറ്റുമായി ഉപയോഗിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കേരള സ്റ്റേറ്റ് ഡെയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ (KSDMIC)എന്ന സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടത്.

50 ലക്ഷം രൂപയാണ് സർക്കാർ ഈ സംരംഭത്തിനായി തൻവർഷം പ്രാരംഭമായി വകയിരുത്തിയിരിക്കുന്നത്. ഇത് ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, ഓണറേറിയം, കോൺട്രാക്ട് സ്റ്റാഫിന്റെ വേതനം, വാടക, നികുതി, വാഹന വാടക, യാത്രച്ചെലവ്, കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, യോഗം (സെമിനാർ) ചെലവ് എന്നിങ്ങനെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കും, ഭൗതിക ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും വിനിയോഗിക്കുന്നു.

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)-ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ അഡ്വൈസറി കമ്മറ്റിയുടെ ചെയർമാൻ ബഹു.ക്ഷീര വികസന വകുപ്പ് സെക്രട്ടറിയായിരിക്കും. കൂടാതെ, ചീഫ് (അഗ്രിക്കൾച്ചർ) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ക്ഷീര വികസന വകുപ്പ് ഡയറക്ടർ, ഫിനാൻസ് ജോയിന്റ് സെക്രട്ടറി, ഡീൻ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, മാനേജിംഗ് ഡയറക്ടർ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവർ അംഗങ്ങളുമാണ്.




പുതുതായി ഈ മേഖലയിലേയ്ക്ക് വരുന്ന സംരംഭകർക്ക് ആവശ്യമായ Shelf of Projects ഈ സ്ഥാപനത്തിന്റെ ഒരു പ്രധാന ആകർഷണമാണ്. മറ്റ് വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ഡാറ്റ പ്രോസസിംഗ്, ഇതര സ്ഥാപനങ്ങളുമായുള്ള ഡാറ്റ ഷെയറിംഗ് എന്നിവയും ലക്ഷ്യമിടുന്നു.

## ചീസ് വിശേഷങ്ങൾ

സെർബിയയിൽ കഴുത പാൽ (Balkan Donkey) ഉപയോഗിച്ചു ഉത്പാദിപ്പിക്കുന്ന "പ്യൂലെ" എന്നറിയപ്പെടുന്ന ചീസ് ആണ് ലോകത്തിലെ ഏറ്റവും വിലയേറിയ ചീസ് . ഒരു കിലോയ്ക്ക് 1000 പൗണ്ട് ആണ് വില .( ഏകദേശം ഒരുലക്ഷം രൂപ )

ലോകത്തിലെ ഏറ്റവും വലിയ ചീസ് ഫാക്റ്ററിയാണ് കാലിഫോർണിയയിലെ ഹിൽമാർ ചീസ് കമ്പനി

ചീസിനായി മാത്രംലോകത്ത് മ്യൂസിയങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്

ആംസ്റ്റർഡാം ചീസ് മ്യൂസിയം , നെതർലാണ്ട്സ്
നാഷണൽ ഹിസ്റ്റോറിക്ക് ചീസ് മേക്കിംഗ് സെന്റർ മ്യൂസിയം ,USA
മെയ്സൺ ഡ്യു കേംബെർട്ട് , ഫ്രാൻസ്
ദി ഇൻഗെർ സോൾ ചീസ് & അഗ്രികൾച്ചർ മ്യൂസിയം, ക്യാനഡ
അലൻഡ്സ്ഫോർഡ് ചീസ് മ്യൂസിയം ,ഓസ്ട്രേലിയ



# പാൽനിലാവിന്റെ സംഗീതം



പത്തനംതിട്ട ജില്ലയിലെ കോയിപ്രം പുല്ലാട്ട് വലിയുഴത്തിൽ അജയകുമാർ. എന്നത് 'പുല്ലാട്', 'എഴുമറ്റൂർ' ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം പാൽ നിലാവിന്റെ നറു ഗന്ധമുണർത്തുന്ന ഗ്രാമത്തിന്റെ വിലാസ മാണ്. ധനതത്വശാസ്ത്രത്തിൽ ബിരുദധാരിയും പ്രവാസിയും ആയിരുന്ന ശ്രീ . അജയകുമാർ വ്യവസായരംഗവും കാർഷികരംഗവും ഒരു പോലെ ഇഷ്ടപ്പെട്ടു . ഏതാനും നാടൻ പശു ക്കളെ സംരക്ഷിച്ചു കൊണ്ടു സ്വന്തം നാട്ടിൽ തുടങ്ങിയ പശു വളർത്തൽ, അമൃത ധാര ഗോശാല (എഴുമറ്റൂരിൽ) എന്ന വലിയ സംരംഭമായി മാറിയിരിക്കുന്നു. പുല്ലാട്ടും എഴുമറ്റൂരും സമാന്തരമായി ഗോശാലകൾ പരിപാലിക്കുന്നു. കേരളത്തിലെ ക്ഷീര കർഷകർക്ക് പ്രചോദനവും ആത്മധൈര്യവും പകരുന്ന മാതൃകയായ ഈ ഫാമും ശ്രീ അജയകുമാറും എഴുമറ്റൂരിനെ കേരളത്തിന്റെ ക്ഷീര ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനത്തെത്തിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അമൃത ധാര ഫാമിൽ ഗീർ ( 60) വെച്ചൂർ ( 70) സഹിവാൾ (1)റെഡ് സിന്ധി ( 1) പുംഗാനൂർ ( 7) കാങ്കേയം (11) കാങ്ക്രജ് ( 1) ഹള്ളികർ ( 8)ചെറുവള്ളി (105)കൃഷ്ണ(30 )തഞ്ചാവൂർ (62) ജേഴ്സി (1) കാസർഗോഡ് കുള്ളൻ (58) കപില ( 46) ഓങ്കോൾ ( 2) എന്നിങ്ങനെ വിവിധയിനം പശുക്കളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. പാലുല്പാദനവും അതിന്റെ വ്യവസായികതയും ലക്ഷ്യമാക്കുമ്പോൾത്തന്നെ സഹജീവികളോടുള്ള സ്നേഹവും കാരുണ്യവും കൂടിയാണ് ഈ മിണ്ടാപ്രാണികൾക്കായി ഒരുക്കിയെടുത്തിരിക്കുന്ന ഫാമിൽ നമുക്ക് അനുഭവിക്കാൻ കഴിയുക. തെങ്ങ്, കശുമാവ്, മാവ്, ഒട്ടുമാവ്, ഒട്ടു പ്ലാവ്, ശീമപ്ലാവ്, ചേന, ചേമ്പ്, മഞ്ഞൾ, വിവിധയിനം വാഴകൾ (നേന്ത്രൻ, പൂവൻ, ചെങ്കദളി, പാളയംകോടൻ, റോബസ്റ്റ) തുടങ്ങിയവ തഴച്ചു വളർന്നു നില്ക്കുന്നു. ഇവയ്ക്കിടയിൽ സൗകര്യപ്രദമായി പടർന്നു പന്തലിച്ചു നിൽക്കുന്ന, പാവൽ, പയർ, പടവലം എന്നിവ കൂടിയാകുമ്പോൾ അത് കണ്ണിന്നനാസായ സുഖം തന്നെ നൽകുന്നു. ഇതും കൂടാതെ നൈജീരിയൻ ഡ്വാർഫ്, മലബാറി ഇനങ്ങളിലുള്ള ആടുകളെയും വളർത്തുന്നു.

2017-ൽ ക്ഷീര കർഷകർക്കായി ഗോമഹിമ-2017 എന്ന പേരിൽ വിവിധ പരിശീലന പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ഫെസ്റ്റിവൽ തന്നെ ശ്രീ അജയകുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിലവിൽ അമൃതധാര ഗോശാലയുടെ മാനേജിംഗ് ഡയറക്ടറായ ശ്രീ അജയകുമാർ, പുല്ലാട് ഡിവിഷനെ പ്രതിനിധീകരിച്ച് കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് അംഗമായിരുന്നിട്ടുണ്ട്. ആറന്മുള പൈതൃക ഗ്രാമത്തിന്റെ ട്രസ്റ്റ് അംഗം, കൂടിയാണ്.

കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി അവാർഡ്(2015), ഇൻഫോസിസ് രൂപീകരിച്ചിട്ടുള്ള സരോജിനി ദാമോദർ ഫൗണ്ടേഷൻ അവാർഡ് (ജൈവ കൃഷിക്കുള്ള) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അവാർഡ്, മികച്ച സാമൂഹ്യ പ്രവർത്തകനുള്ള ബി.ആർ. അംബേദ്കർ ഫൗണ്ടേഷൻ ദേശീയ അവാർഡ്, രാഷ്ട്രീയ ഗോകുൽ മിഷന്റെ കാമധേനു അവാർഡ് എന്നിവ അജയകുമാറിനെ തേടിയെത്തിയ അംഗീകാരങ്ങളിൽ ചിലതാണ്.

കാർഷികവൃത്തി ഒരു വരുമാന മാർഗ്ഗം മാത്രമല്ല, മറിച്ച് മണ്ണിനോടുള്ള മനുഷ്യന്റെ ആത്മബന്ധം കൂടിയാണെന്നും അതുവഴി പ്രകൃതിയുമായുള്ള മനുഷ്യന്റെ സഹജീവനത്തിനും ഉത്തമ നിദർശനമാണ് ശ്രീ അജയകുമാറും അദ്ദേഹത്തിന്റെ അമൃത ധാര ഗോശാലയും കൃഷിയിടവും.





ക്ഷീര വികസന വകുപ്പ് പാലക്കാട് 2021-22 വർഷത്തിലെ ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ആസ്തി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപ ധനസഹായം നൽകി സ്ഥാപിച്ച 20kw സോളാർ പവർ പ്ലാന്റിന്റെ ഉദ്ഘാടനം 13/01/2022, രാവിലെ 11 നു ചുള്ളിമട ക്ഷീരസംഘത്തിൽ വെച്ചു മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി ബിജോയ് അവർകളുടെ അധ്യക്ഷതയിൽ ബഹു മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി അവർകൾ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ പാലക്കാട് ബഹു. MP ശ്രീ. വി. ശ്രീകണ്ഠൻ അവർകൾ മുഖ്യാഥിതി ആയിരുന്നു. ക്ഷീര വികസന ഡയറക്ടർ ശ്രീ സുരേഷ്കുമാർ വി.പി. ആമുഖ പ്രഭാഷണവും,പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജയസുജീഷ് പദ്ധതി വിശദീകരണവും, നടത്തുകയുണ്ടായി. മികച്ച കർഷകർ, വനിത കർഷകർ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

5000 ലിറ്റർ കപ്പാസിറ്റിയുള്ള ബൾക്ക് മിൽക്ക് കൂളർ സ്ഥാപിച്ചിട്ടുള്ള ചുള്ളിമട സംഘത്തിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചതിലൂടെ ഒരു ദിവസം 70 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും മാസത്തിൽ 30000/- രൂപ വൈദ്യുതി ചെലവ് ലാഭിക്കുന്നതിനും സാധിക്കും. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും KSEB ഓൺഗ്രിഡിൽ നൽകുന്ന രീതിയിലാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്.



13/01/2022 വ്യാഴാഴ്ച ക്ഷീരവികസന വകുപ്പിന്റെ ആസ്തി വികസന പദ്ധതി ധനസഹായത്തോടെയും മലബാർ മേഖല യൂണിയന്റെ സഹകരണത്തോടെയും നിർമ്മിച്ച വടക്കൻ വെള്ളിനേഴി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ കെട്ടിടം ഉദ്ഘാടനം ബഹു. ക്ഷീരവികസന മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി അവർകൾ നിർവഹിച്ചു . ബഹു. ഷൊർണൂർ MLA ശ്രീ. പി മമ്മിക്കുട്ടി അവർകൾ അദ്ധ്യക്ഷതവഹിച്ചു. 2000 ലിറ്റർ ശേഷിയുള്ള ബൾക്ക് മിൽക്ക് കൂളറിന്റെ സ്വിച്ച് ഓൺ കർമ്മം ബഹു. ഒറ്റപ്പാലം MLA അഡ്വ . പ്രേംകുമാർ അവർകൾ നിർവ്വഹിച്ചു . ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശ്രീ V P സുരേഷ് കുമാർ അവർകൾ ആമുഖ പ്രഭാഷണം നടത്തി .ക്ഷീരവികസന വകുപ്പ് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജയസുജീഷ് J S അവർകൾ പദ്ധതി വിശദീകരണം നടത്തി .ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. സുനിത ജോസഫ് മികച്ച വനിതാ കർഷകയെ ആദരിച്ചു .



ക്ഷീരവികസന വകുപ്പിന്റെയും പാലക്കാട് ബ്ലോക്കിലെ ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ പാലക്കാട് ബ്ലോക്ക് ക്ഷീര കർഷക സംഗമം കേരളശ്ശേരി സെൻറർ ക്ഷീര സംഘത്തിന്റെ ആതിഥേയത്വത്തിൽ 2022 ജനുവരി 13 ന് കേരളശ്ശേരി സൗപർണിക ഓഡിറ്റോറിയത്തിൽ കോങ്ങാട് നിയോജക മണ്ഡലം എംഎൽഎ അഡ്വക്കേറ്റ് കെ ശാന്തകുമാരി അവർകളുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട ക്ഷീര വികസന-മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചു റാണി അവർകൾ ഉദ്ഘാടനം നിർവഹിച്ചു തദവസരത്തിൽ ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശ്രീ വി പി സുരേഷ് കുമാർ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ വി സേതുമാധവൻ ക്ഷീരവികസന വകുപ്പ് പാലക്കാട് ജില്ല ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജയസുജീഷ് ജെ എസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ സംഘം പ്രസിഡന്റ്മാർ സെക്രട്ടറിമാർ കർഷകർ എന്നിവർ പങ്കെടുത്തു. പരിപാടിയിൽ പാലക്കാട് ജില്ലയിലെ ഏറ്റവും മികച്ച ക്ഷീരകർഷക ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ ശ്രീ. ഹക്കീം പന്നിപ്പെരുന്തലയെ ബഹു. മന്ത്രി ആദരിച്ചു. വിവിധ മേഖലയിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾ, മികച്ച ക്ഷീരകർഷകർ, ക്ഷീരസംഘങ്ങൾ എന്നിവർക്കുള്ള സമ്മാനദാനങ്ങൾ നടത്തി. പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിച്ച പാലക്കാട് ബ്ലോക്ക് ക്ഷീരസംഗമം സംഘാടക മികവ് പുലർത്തി.



# കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്

# സമ്പൂർണ്ണ അംഗത്വ ക്യാമ്പയിൻ

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ അർഹരായ മുഴുവൻ ക്ഷീരകർഷകർക്കും അംഗത്വം ഉറപ്പാക്കുന്നതിനായി സമ്പൂർണ്ണ അംഗത്വ ക്യാമ്പയിൻ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽവച്ച് 26.08.2021 ന് രാവിലെ 10.00 മണിക്ക് ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി.ജെ. ചിഞ്ചുറാണി അവർകൾ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ അഡ്വ.എൻ.രാജൻ (Ex.MLA) അദ്ധ്യക്ഷത വഹിച്ചു.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം,



മരണാനന്തര ധനസഹായം, മികച്ച ക്ഷീരകർഷക അവാർഡ് തുടങ്ങി വിവിധ പദ്ധതികളിലൂടെ ക്ഷീരകർഷകർക്ക് കൈത്താങ്ങായി നിലകൊള്ളുന്ന ക്ഷീരകർഷക ക്ഷേമനിധി ബോർഡ് കോവിഡ്-19 മഹാമാരിയുടെ കാലത്ത് കോവിഡ് ആശ്വാസ ധന സഹായ പദ്ധതി ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ കർഷകർക്ക് നൽകി വരുന്നുണ്ട്. ടി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം അംഗത്വം നേടുക എന്നതാണ്. പ്രസ്തുത ലക്ഷ്യത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ക്ഷേമനിധി ബോർഡ് ഇത്തരത്തിൽ ഒരു സമ്പൂർണ്ണ അംഗത്വ ക്യാമ്പയിൻ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പ്രാദേശിക ക്ഷീരസംഘത്തിൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ നൽകിയിട്ടുള്ളതും 18 വയസ്സ് തികഞ്ഞതുമായവർക്ക് ക്ഷീരകർഷക ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ട്. ടി അംഗത്വത്തിന് സംഘം അംഗത്വം നിർബന്ധമില്ല.

ഈ അംഗത്വ ക്യാമ്പയിനിലൂടെ 26.08.2021 മുതൽ 20,342 ക്ഷീരകർഷകരെ കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനായി സാധിച്ചു.

## കന്നുകാലികൾക്ക് നൽകുന്ന തീറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ക്ഷീരകർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



**പ്രകൃതിയിൽ ഫംഗസുകൾ വ്യാപകമായി പടർന്നു നിൽക്കുകയും, ഭക്ഷ്യവസ്തുക്കളിലും മറ്റും ഇവ വളരുകയും വിഷപദാർത്ഥങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം പൂപ്പൽ ബാധയ്ക്ക് കാലത്തീറ്റയും വിധേയമാവുന്നു. സാധാരണയായി ഗോതമ്പ്, ചോളം, നിലക്കടല എന്നിവ ഉൾപ്പെടെയുള്ള ധാന്യവിളകളെയും പയറു വിളകളെയും ഫംഗസ് ബാധിക്കുന്നു. ഇത്തരം വസ്തുക്കൾ കാലിത്തീറ്റയ്ക്കായി ഉപയോഗിക്കുന്നതിലൂടെ പൂപ്പലിന്റെ വിഷാംശം തീറ്റയിലും എത്തുന്നു. കാലിത്തീറ്റയിലൂടെ ഈ വിഷാംശം പാലിലും എത്തിച്ചേരുന്നു. അങ്ങനെ മൃഗങ്ങളുടെയും മനുഷ്യരുടെയും ഭക്ഷണശൃംഖലയിൽ അനഭിലഷണീയമായ സാന്നിധ്യമാവുകയും ചെയ്യുന്നു.**

- തീറ്റയിൽ വരാവുന്ന പൂപ്പൽ ബാധയെക്കുറിച്ച് അറിഞ്ഞിരിക്കുകയും, ഇതിനെ തടയാനോ, നിയന്ത്രിക്കാനോ വേണ്ട മാർഗ്ഗങ്ങളെ കുറിച്ച് മനസിലാക്കുകയുമാണ് പൂപ്പൽ ബാധയെ തടയുന്നതിന്റെ ആദ്യ പടി.
- സുരക്ഷിതവും വിശ്വസനീയവുമായ ഉറവിടങ്ങളിൽ നിന്ന് മാത്രം കാലിത്തീറ്റയും തീറ്റ വസ്തുക്കളും വാങ്ങുക.
- കാലിത്തീറ്റകൾക്ക് പുറമേ കാലിത്തീറ്റ വസ്തുക്കളായ പിണ്ണാക്ക് പോലെയുള്ളവ വാങ്ങുമ്പോഴും പ്രത്യേകം ശ്രദ്ധിക്കുക.
- നിങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്തിരിക്കുന്ന തീറ്റയിൽ ഉണ്ടാകുന്ന അസാധാരണമായ മാറ്റങ്ങൾ തിരിച്ചറിയുക (ഉദാഹരണത്തിന് അതിന്റെ നിറം, മണം, ഘടന അല്ലെങ്കിൽ രൂപം എന്നിവയിലെ മാറ്റങ്ങൾ)
- കാലിത്തീറ്റ വാങ്ങുമ്പോഴും, സൂക്ഷിക്കുമ്പോഴും, കൈകാര്യം ചെയ്യുമ്പോഴും പ്രത്യേക ശ്രദ്ധ പുലർത്തുക.
- ആവശ്യമായ അളവിൽ മാത്രം തീറ്റ വാങ്ങി സ്റ്റോക്ക് ചെയ്യുക. തീറ്റ വാങ്ങുന്ന ക്രമമനുസരിച്ച് ഉപയോഗിക്കുക. ആദ്യം വാങ്ങിയത് ആദ്യം ഉപയോഗിക്കുക. ഇതിനായി ഒരു പേപ്പറിലോ, കാർഡ് ബോർഡിലോ തീറ്റ വാങ്ങിയ തീയതി കുറിച്ചിടുക.
- കാലിത്തീറ്റച്ചാക്ക് അട്ടിയിട്ടു വയ്ക്കുന്ന തറയിൽ ഈർപ്പം ഇല്ല എന്ന് ഉറപ്പുവരുത്തുക.
- കാലിത്തൊഴുത്തിൽ നിന്നും മാറി ഈർപ്പം തട്ടാത്ത സ്ഥലത്തിൽ തീറ്റ വയ്ക്കുക. ടാർപോളിൻ ഷീറ്റ് കൊണ്ട് മൂടുക.
- നനഞ്ഞ കൈകൾ കൊണ്ടോ ഈർപ്പമുള്ള പാത്രങ്ങൾ കൊണ്ടോ കാലിത്തീറ്റച്ചാക്കിൽ നിന്നും തീറ്റ ശേഖരിക്കാതിരിക്കുക. തീറ്റ നൽകുന്ന സമയങ്ങളിൽ പശുവിന് ആവശ്യമായ തീറ്റ കണക്കുകൂട്ടി നേരത്തെ തന്നെ ചാക്കിൽ നിന്നും മാറ്റി വയ്ക്കുക.
- കാലിത്തീറ്റ കൈകാര്യം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ആ ആവശ്യത്തിനു മാത്രമായി ഉപയോഗിക്കുക. തീറ്റയ്ക്കും തീറ്റയിതര ആവശ്യങ്ങൾക്കുമായി ഒരേ പാത്രങ്ങൾ ഉപയോഗിക്കുന്നത് തീറ്റയിൽ മലിനീകരണം വരുത്താനുള്ള സാധ്യത വർദ്ധിപ്പിക്കും.
- കാലികൾക്ക് തീറ്റ നൽകുന്ന സ്ഥലവും പാത്രങ്ങളും പതിവായി വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കുക.
- നിങ്ങളുടെ കാലികൾ തീറ്റ എടുക്കുന്ന രീതികൾ നിരീക്ഷിക്കുക. തീറ്റ എടുക്കുന്ന ദിനചര്യയിൽ അപ്രതീക്ഷിതമായ അല്ലെങ്കിൽ അസ്വാഭാവികമായ മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് കാലിത്തീറ്റയിലെ മലിനീകരണ സാധ്യതയുടെ ഒരു മുന്നറിയിപ്പ് സൂചന കൂടിയായി കരുതുക.
- തീറ്റയിൽ അസാധാരണമായ നിറം, മണം എന്നിവ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അപ്പോൾ തന്നെ ക്ഷീര സംഘത്തിൽ വിവരം അറിയിക്കുക.




കണ്ടുപഠിക്കാനൊരു

# ശിവാനി ഹൈടെക് ഫാം

പാലക്കാട്

കോവിഡ് പ്രതിസന്ധിയിൽ അനിലിന് തുണയായത് പശുവളർത്തലാണ്.ഒരു സ്വകാര്യ സ്ഥാപനത്തിൽ ജീവനക്കാരനായിരുന്ന അനിൽ, കോവിഡ് പ്രതിസന്ധി ജോലിയെ ബാധിച്ചു തുടങ്ങിയതോടെയാണു പുതിയ മേഖലയിലേക്കു കടന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാടുള്ള ശിവാനി ഡെയറി ഫാം എന്ന ഹൈടെക് ഫാമിന്റെ കഥ ഇവിടെ ആരംഭിക്കുന്നു ..

കർഷക കുടുംബമായതിനാൽ കുട്ടിക്കാലം മുതൽ പശു വളർത്തലിനോട് അഭിരുചി ഉണ്ടായിരുന്ന അനിൽ വീടിന്റെ ഏതാനും മീറ്റർ മാത്രം അകലെ വളപ്പിൽ ആണ് തന്റെ സ്വപ്ന പദ്ധതി ആയ ഫാം സജ്ജമാക്കിയത്. പശുവിനു തീറ്റകൊടുക്കാനുള്ള ഇടം മുഴുവനായും ടൈൽസ് വിരിച്ചിട്ടുണ്ട്. ഇതു ശുചീകരണത്തിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നു. ശുദ്ധ ജലത്തിനായി ഓട്ടോമാറ്റിക് വാട്ടർ ബൗൾ സംവിധാനം പ്രവർത്തിക്കുന്നു. പശു കുടിച്ചു തീർക്കുന്ന വെള്ളം ഉടൻ അതേ അളവിൽ ബൗളിൽ നിറയും. ചൂടിനു ശമനം നേടാൻ ഇടയ്ക്കിടെ ഫോഗ്, മുഴുവൻ സമയം ഫാൻ, പശുക്കളുടെ മാനസിക ഉല്ലാസത്തിനു സംഗീതം, കിടക്കാൻ മുന്തിയ ഇനം മാറ്റ്, കൊതുക്, ഈച്ച എന്നിവയെ അകറ്റാൻ സംവിധാനം, നിത്യേന മൂന്നു തവണ കുളിപ്പിക്കൽ എന്നിങ്ങനെ നീളുന്നു സൗകര്യങ്ങൾ.

ഭക്ഷണ സാധനങ്ങൾ നുറുക്കി നൽകാൻ മെഷീൻ ഉണ്ട്. 34 പശുക്കൾക്കു പര്യാപ്തമായ ഫാം ആണ് ക്രമീകരിച്ചിട്ടുള്ളത്. ആദ്യഘട്ടം എന്ന നിലയിൽ 10 പശുക്കളെ എത്തിച്ചു. ഇതിൽ എട്ടെണ്ണം ജഴ്സിയും രണ്ടണ്ണം എച്ച് എഫ് ഇനവും ആണ്. ഇനിയും പശുക്കളെ വാങ്ങാനുള്ള ശ്രമത്തിലാണ് അനിൽ. കറവയന്ത്രത്തിന്റെ സഹായത്തിലാണ് കറവ. പ്രതിദിനം ശരാശരി 95-100 ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുണ്ട് . അതിൽ ഏകദേശം 70 ലിറ്ററോളം പാൽ കോങ്ങാട് ക്ഷീരസംഘത്തിൽ നൽകുന്നുണ്ട്. 25 - 30 ലിറ്ററോളം പാൽ വീടുകളിൽ നേരിട്ടും നൽകുന്നു.

പശുവിന്റെ മൂത്രം മാത്രം ഉപയോഗിച്ചു ബയോഗ്യാസ് യൂണിറ്റ് പ്രവർത്തിക്കുന്നു. വീട്ടിലേക്ക് ആവശ്യമായ പാചക വാതകം ഇതു വഴി ലഭിക്കുന്നു. ചാണകം ,കൃഷി ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു. ഒന്നര ഏക്കറോളം വരുന്ന റബ്ബർ കൃഷിക്കും, ഒന്നര ഏക്കർ നെൽകൃഷിക്കും ഈ ചാണകം ആണ് ഉപയോഗിക്കുന്നത്. കൂടാതെ മൂന്ന് ഏക്കറോളം തീറ്റപ്പുൽ കൃഷിയും ചെയ്യുന്നുണ്ട് .



നാല്പ്പതു ലക്ഷത്തോളം രൂപ ഈ ഫാം നിർമിക്കുന്നതിനു ചിലവായിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ സബ്സിഡിയോടുകൂടിയാണ് അനിലിന്റെ ഹൈടെക് ഫാം നിർമ്മിച്ചിരിക്കുന്നത്. അച്ഛൻ അയ്യപ്പൻ കുട്ടി, അമ്മ രമണി ഭാര്യ അഞ്ജലി, മകൾ ശിവാനി എന്നിവർ അനിലിന്റെ ആശയത്തിനു കൂട്ടായി ഉണ്ട്.

ഫോൺ:8606308382.

# വരുമാനമേകും പാലുൽപന്നങ്ങൾ

പാൽ വളരെ പോഷകസംപൂർണമായ ഒരു ആഹാരമാണ്. പ്രോട്ടീൻ, കാൽസ്യം, വിറ്റാമിൻA, D, E,K, B12, പൊട്ടാസ്യം, ഫോസ്ഫറസ്, നിയാസിൻ, റൈബോഫ്ളേവിൻ എന്നീ പോഷകങ്ങളടങ്ങിയ മികച്ച ആരോഗ്യ പാനീയമാണ് പാൽ. പാൽ കുടിക്കാൻ മടിയുള്ളവർക്ക്, കുട്ടികൾക്കും മുതിർന്നവർക്കും മൂല്യവർദ്ധിത ഉൽപന്നങ്ങളായ കുൽഫി, സിപ്പ് അപ്പ്, ഐസ്ക്രീം തുടങ്ങിയ വിവിധ ഉത്പന്നങ്ങളാക്കി മാറ്റി ശരീരത്തിനാവശ്യമായ പ്രോഷകങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കും. കിണ്വനം ചെയ്യുന്ന പാലുൽപന്നങ്ങളായ യോഗർട്ട്, കട്ടതൈര് എന്നിവയുടെ ഉപയോഗം ഉയർന്ന രോഗപ്രതിരോധ ശേഷി നൽകുന്നു. രോഗ പ്രതിരോധ ശേഷി വർദ്ധനവിനും, പാൽ അലർജി തടയുന്നതിനും , ഹൃദയ സംബന്ധമായതും ഓട്ടിസം പോലുള്ള രോഗങ്ങളെ തടയുന്നതിനും പാലുൽപന്നങ്ങളിലെ ലാക്ടിക് ആസിഡ് ബാക്ടീരിയകളുടെ സാന്നിദ്ധ്യം സഹായിക്കുന്നു. ഇവ പ്രോട്ടീനുകളിൽ വരുത്തുന്ന മാറ്റമാണ് കിണ്വനം ചെയ്യുന്ന പാലുൽപന്നങ്ങളുടെ ഗുണങ്ങൾക്കുള്ള കാരണം.

ക്ഷീര വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ പാലുൽപന്ന നിർമ്മാണത്തെ കുറിച്ചുള്ള ട്രയിനിങ്ങുകൾ നൽകുന്നുണ്ട് . അതോടൊപ്പം ശാസ്ത്രീയ തീറ്റപ്പുൽകൃഷി, ശുദ്ധമായ പാലുൽപാദനം, ശാസ്ത്രീയ പശു പരിപാലനം എന്നിവയിലും പരിശീലനം നൽകുന്നു .



## "White Roots" (കോഴിക്കോട്)

ക്ഷീരവികസന വകുപ്പിന്റെ കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ 01.02.2021 മുതൽ 11.02.2021 വരെ നടന്ന പാലുൽപന്ന നിർമ്മാണ പരിശീലനത്തിനു വന്ന സഹോദരങ്ങളായ ശ്രീ.അബ്ദുൾ ജലീൽ, ശ്രീ.അബ്ദുൾ റസാഖ് എന്നിവർ പാലുൽപന്നങ്ങൾ അവരുടെ ജീവനോപാധിയാക്കി മാറ്റിയിരിക്കുകയാണ്. 'White Roots' എന്ന പേരിൽ യോഗർട്ടും, യോഗർട്ട് ലസ്സിയും കോട്ടക്കൽ, തിരൂർ, മലപ്പുറം, പുത്തനത്താണി എന്നീ പ്രദേശങ്ങളിൽ വിപണിയിൽ എത്തിക്കുകയും ആയത് വിജയകരമായി മുന്നോട്ട് പോവുകയും ചെയ്യുന്നു. ആദ്യ ഘട്ടങ്ങളിൽ കുറച്ചു പ്രയാസങ്ങൾ നേരിട്ടെങ്കിലും സ്ഥിരോത്സാഹവും പരിശീലന കേന്ദ്രത്തിൽ നിന്നുള്ള പ്രോത്സാഹനവും കൊണ്ട് അവർ വിജയം കണ്ടെത്തി. മാർജിൻ ഫ്രീ മാർക്കറ്റുകൾ അടിസ്ഥാനമാക്കിയാണ് വിപണി കണ്ടെത്തിയിരിക്കുന്നത്. നിലവിൽ മാംഗോ, ഗ്വാവ, സപ്പോട്ട എന്നീ ഫ്ളേവറുകളിൽ ഉള്ള ലസ്സിയും അറേബ്യൻ യോഗർട്ടും ലഭ്യമാണ്. യോഗർട്ടിന് വേണ്ടിയുള്ള കൾച്ചർ പൂനെയിൽ നിന്നും, ലസ്സി നിർമ്മാണത്തിന് ഗുണമേന്മയുള്ള പൾപ്പ് വായനാട് നിന്നുമാണ് വാങ്ങുന്നത്. വൈറ്റ് റൂട്ട്സിന്റെ വെബ് സൈറ്റിൽ ക്ഷീര പരിശീലന കേന്ദ്രത്തിന്റെ പങ്കിനെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. FSSA മാനദണ്ഡങ്ങളിലും അതീവ ശ്രദ്ധാലുക്കളാണ് സംരംഭകർ. ചുരുങ്ങിയത് 2 പേർക്ക് തൊഴിൽ നൽകുവാൻ ഈ സംരംഭത്തിലൂടെ ഈ സഹോദരങ്ങൾക്ക് സാധിക്കുന്നു.








## ICE-O-TOP (കോഴിക്കോട്)

കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ പാലുൽപ്പന്ന നിർമ്മാണ പരിശീലനത്തിന് എത്തിച്ചേർന്നവരാണ് മലപ്പുറം ജില്ലയിലെ രണ്ടത്താണി സ്വദേശികളായ എൻ. കുഞ്ഞുമൊയ്തീൻ, ഫൈസൽ.സി എന്നീ സുഹൃത്തുക്കൾ. ഐസ് ലോലി നിർമ്മിക്കുന്ന ഒരു കട നടത്തിയിരുന്ന അവർ, പരിശീലനത്തിനു ശേഷം ഐസ് ലോലിയിൽ പാലും വിവിധ ഫ്ളേവറുകളും ചേർത്ത് പരിശീലനത്തിൽ നിന്നും കിട്ടിയ നൂതന അറിവുകൾ വെച്ച് വെന്നിയൂർ, തിരൂർ, പയ്യനങ്ങാടി, പരപ്പനങ്ങാടി എന്നിവിടങ്ങളിൽ ICE-O-TOP എന്ന പേരിൽ കടകൾ തുറക്കുകയും പാലുകൊണ്ട് വിവിധ രുചികളിൽ ഐസ്ക്രീം, കുൽഫി എന്നിവ വിൽപന നടത്തുകയും ചെയ്യുന്നു. ദിവസേന 50 ലിറ്റർ പാൽ കോഴിചെന ക്ഷീരസംഘത്തിൽ നിന്നും വാങ്ങുകയും അതിൽ 35ലിറ്റർ ഐസ്ക്രീമും 15 ലിറ്റർ കുൽഫിയ്ക്കും ഉപയോഗിച്ചു വരുന്നു. ഐസ്ക്രീം ആളുകളുടെ ആവശ്യാനുസരണം നൽകി വരുകയും

ചെയ്യുന്നു. കുൽഫി- പിസ്ത, ബദാം എന്നീ രണ്ട് രുചികളിൽ ലഭ്യമാണ്. ഐസ് കാൻഡി-പൈനാപ്പിൾ, ഫാഷൻ ഫ്രൂട്ട്, ടെണ്ടർ കോക്കനട്ട് എന്നീ രുചികളിൽ ലഭ്യമാണ്. ഈ സംരംഭത്തിലൂടെ 8 പേർക്ക് തൊഴിൽ നൽകുവാൻ സാധിക്കുന്നു എന്നുള്ളത് എടുത്ത് പറയേണ്ടതുമാണ്.

### ഫ്ളവേഴ്സ് കുൽഫി യൂണിറ്റ് (കോഴിക്കോട്)

മലപ്പുറം ജില്ലയിലെ കീഴുപറമ്പിൽ നിന്നും ഏഴു വനിതകളുടെ കുടുംബശ്രീ യൂണിറ്റ് കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രം 19.01.2021 മുതൽ 30.01.2021 വരെ നടത്തിയ 10 ദിവസത്തെ പാലുൽപന്ന നിർമ്മാണ പിരശീലന പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. പരിശീലന പരിപാടിയിൽ പങ്കെടുക്കുമ്പോൾ പാലുൽപ്പന്നങ്ങളെക്കുറിച്ച് പരിമിതമായ അറിവു മാത്രമുണ്ടായിരുന്ന ആ വനിത കൂട്ടായ്മ ഇന്ന് 'ഫ്ളവേഴ്സ് കുൽഫി യൂണിറ്റ്' എന്ന് പേരിൽ കുൽഫിയും, സിപ്പ് അപ്പും ഉണ്ടാക്കി വിൽപ്പന നടത്തുന്നു.

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ധനസാഹയത്തോടുകൂടി കീഴ്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ തുടങ്ങിയ ഫ്ളവേഴ്സ് കുൽഫി യൂണിറ്റ് രണ്ട് മാസമായി കുൽഫിയും സിപ്പ്-അപ്പും ഉണ്ടാക്കി







വിൽപ്പന നടത്തുന്നു. ഗ്രാമപഞ്ചായത്ത് ലൈസൻസ്, FSSA രജിസ്ട്രേഷൻ എന്നിവ ഈ യൂണിറ്റിന് ലഭിച്ചിട്ടുണ്ട്. ഏഴു കുടുംബങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കാനും ഈ സംരംഭത്തിന് സാധിക്കുമെന്ന് നിസ്സംശയം പറയാം.

ഇടുക്കി

# ഇടുക്കി ജില്ലാ ക്ഷീരകർഷക സംഗമം

**സ്ഥലം : പാണ്ടിപ്പാറ സെന്റ് ജോസഫ്സ് പാരീഷ് ഹാൾ**

**തീയതി : 2022 ജനുവരി 17 തിങ്കൾ**





ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംഘടിപ്പിച്ച ഇടുക്കി ജില്ലാ ക്ഷീരകർഷക സംഗമവും, ക്ഷീരവികസന വകുപ്പിന്റെ ധനസഹായത്തോടുകൂടി നിർമ്മിച്ച പാണ്ടിപ്പാറ ആപ്കോസ് മന്ദിരത്തിന്റെ ഉദ്ഘാടനവും 2022 ജനുവരി 17 തിങ്കളാഴ്ച പാണ്ടിപ്പാറ സെന്റ് ജോസഫ് പാരീഷ് ഹാളിൽ വെച്ച് നടന്നു. ജില്ലാ ക്ഷീരകർഷക സംഗമത്തിന്റെ സമാപന സമ്മേളനവും, പാണ്ടിപ്പാറ ആപ്കോസിനായി പണികഴിപ്പിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനവും ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ അവർകൾ നിർവ്വഹിച്ചു. ഇടുക്കി ജില്ലയുടെ വളർച്ചയ്ക്ക് ക്ഷീരമേഖലയുടെ പങ്കാളിത്തം സ്തുത്യർഹമാണെന്നും, ക്ഷീരോല്പാദന രംഗത്ത് സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇടുക്കിയിലെ ക്ഷീരകർഷകർക്ക് ഇടുക്കി ജില്ലാ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി പ്രത്യേക പരിരക്ഷ ഉറപ്പാക്കുമെന്നും ബഹു.മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജിജി.കെ.ഫിലിപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി.ഉഷാകുമാരി മോഹൻകുമാർ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ ക്ഷീരകർഷക സംഗമത്തോടനുബന്ധിച്ച് സെമിനാർ, മികച്ച ക്ഷീരകർഷകരെയും ക്ഷീരമേഖലയ്ക്ക് കൂടുതൽ ഫണ്ട് അനുവദിച്ച ത്രിതല പഞ്ചായത്തുകളെയും ആദരിക്കൽ, ഡയറി ക്വിസ് എന്നിവ സംഘടിപ്പിച്ചിരുന്നു. സെമിനാർ മിൽമ ഡയറക്ടർ ബോർഡ് അംഗം ശ്രീ.കെ.കെ.ജോൺസൺ ഉദ്ഘാടനം ചെയ്തു. ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ ശ്രീ.ടി.ഡി.ജോസഫ് ക്ലാസ്സ് നയിച്ചു. മിൽമ എറണാകുളം മേഖല യൂണിയൻ അംഗം പോൾ മാത്യു സ്റ്റാളുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇൻ ചാർജ്ജ് എബി തോമസ്, ഇളംദേശം ബ്ലോക്ക് പ്രസിഡന്റ് മാത്യു.കെ.ജോൺ, സ്വാഗത സംഘം ചെയർമാൻ സോണി ചൊള്ളാമഠം, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് റോമിയോ സെബാസ്റ്റ്യൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ജിൻസൺ.കെ.വർക്കി, ജോർജ്ജ് ജോസഫ്, ഇന്ദു ബിജു, ഷേർളി ജോസഫ്, ബ്ലോക്ക് പഞ്ചായത്തംഗം റിന്റാമോൾ വർഗീസ്, ക്ഷീരവികസന വകുപ്പ് ഇടുക്കി ഡെപ്യൂട്ടി ഡയറക്ടർ മിനി ജോസഫ്, ക്വാളിറ്റി കൺട്രോൾ ഓഫീസർ ട്രീസ തോമസ്, വിവിധ ക്ഷീരസംഘം പ്രസിഡന്റുമാർ, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറിമാർ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# ഷിറാസിന്റെ സ്വന്തം 'കൃഷിപ്പുര'

കോവിഡ് എന്ന മഹാമാരിയുടെ ഈ കാലഘട്ടത്തിലും തളർച്ച നേരിടാതെ പിടിച്ചു നിന്ന - സ്ഥിരവരുമാനം ഉറപ്പാക്കിയ ഏക കാർഷിക അനുബന്ധ മേഖല ക്ഷീരമേഖലയാണ്. ക്ഷീരോല്പാദനരംഗത്ത് സ്വയം പര്യാപ്തതയിലേക്ക് സംസ്ഥാനം ഏതാണ്ട് എത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ പാലിനും പാലുൽപന്നങ്ങൾക്കും വളരെ ഡിമാന്റ് ഉണ്ട്. വിപണിയിൽ പാലുൽപന്നങ്ങളുടെ മാർക്കറ്റ് കുതിച്ചുയർന്നു കൊണ്ടിരിക്കുന്നു. സ്വയം പര്യാപ്തതയിൽ എത്തിക്കഴിഞ്ഞാൽ പാലിന്റെ മൂല്യവർദ്ധന വിലൂടെ ഈ രംഗത്ത് ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാകും. അത്തരത്തിൽ പാലുൽപന്നങ്ങളുടെ സാദ്ധ്യത തിരിച്ചറിഞ്ഞ് ആ മേഖലയിൽ വിജയകരമായി പ്രവർത്തിക്കുന്ന ഒരു യുവ സംരംഭകനെ നമുക്കിന്ന് പരിചയപ്പെടാം. അദ്ദേഹത്തിന്റെ പേര് ശ്രീ. ഷിറാസ് അൻസാരി, റോഷ്നാര, കാര്യവട്ടം തിരുവനന്തപുരം. ഇദ്ദേഹം ഒരു എഞ്ചിനീയറിംഗ് ബിരുദധാരിയാണ്. സർക്കാർ സർവീസിൽ എഞ്ചിനീയറായ ഭാര്യയും രണ്ട് കുട്ടികളും അച്ഛനും അമ്മയും അടങ്ങുന്നതാണ് കുടുംബം.



ഏകദേശം 8 വർഷത്തോളം വിദേശത്ത് തൊഴിൽ നോക്കിയശേഷം നാട്ടിൽ തിരിച്ച് വന്ന് ടെക്നോപാർക്കിൽ Grid Engineering Services എന്ന ഒരു സ്ഥാപനം 15 വർഷമായി നടത്തുന്നു.

കൃഷിയോടും, അനുബന്ധ മേഖലകളോടുമുള്ള താല്പര്യവും വീടുകളിൽ ഉൽപാദിപ്പിക്കുന്ന വിഷരഹിതമായ നാടൻ പച്ചക്കറികൾ, പാൽ എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുകയും ഓർഗാനിക്ക് ആയിട്ടുള്ള ഇത്തരത്തിലുള്ള വിഭവങ്ങൾ വിറ്റഴിക്കുന്നതിന് സാധാരണക്കാരുടെ ഒരു മാർക്കറ്റ് സാധാരണക്കാരായ കർഷകർക്ക് തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടും കൂടി "കൃഷിപ്പുര" എന്ന പേരിൽ ഒരു ഓർഗാനിക്ക് ഷോപ്പ് ടെക്നോപാർക്കിൽ ആരംഭിക്കുകയും ഫാമുകളിൽ നിന്നും, കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപന്നങ്ങൾ ടെക്നോപാർക്കിൽ വിപണനം നടത്തിവരികയും ചെയ്തിരുന്നു.

ഈ സമയത്താണ് കൊറോണ എന്ന മഹാവ്യാധി ലോകത്തെ ആകെ വിറപ്പിച്ചുകൊണ്ട് എത്തിയത്. അതിന്റെ അനുരണനങ്ങൾ ടെക്നോപാർക്കിലും ഉണ്ടായി. ഷിറാസിന്റെ ബിസിനസ് സംരംഭങ്ങളെ അത് സാരമായി ബാധിച്ചു. ലോക് ഡൗൺ മൂലം വളരെവലിയൊരു സാമ്പത്തിക പ്രതിസന്ധിയാണ് ഈ മേഖലയിലുള്ള സംരംഭകർക്ക് സമ്മാനിച്ചതുപോലെ ഷിറാസിനും അനുഭവിക്കേണ്ടി വന്നത്.

ഈ സമയത്താണ് തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രത്തിൽ പാൽ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്നു എന്ന് അറിഞ്ഞുകൊണ്ട് അദ്ദേഹം ക്ഷീരപരിശീലന കേന്ദ്രത്തിൽ ട്രെയിനിംഗിനായി എത്തിയത്. 10 ദിവസം നീണ്ട ട്രെയിനിംഗിൽ ഏതാണ്ട് 35 ഓളം ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ പഠിച്ചു. പാൽ ഉൽപന്നങ്ങളുടെ അടിസ്ഥാന കാര്യങ്ങളെല്ലാം മനസ്സിലാക്കിയ അദ്ദേഹം തന്റെ കൃഷിപ്പുര എന്ന ബ്രാൻഡിൽ തന്നെ പാലും, പാൽ ഉൽപന്നങ്ങളായ തൈര് (നാടൻ), നെയ്യ്, പനീർ, റോസ് മിൽക്ക് തുടങ്ങി നിരവധി ക്ഷീരോൽപന്നങ്ങൾ നിർമ്മിച്ച് മാർക്കറ്റ് ചെയ്യാൻ തുടങ്ങി. ഗ്ലാസ് ബോട്ടിലുകളിൽ 250ml, 500ml, 1 ലിറ്റർ എന്നീ അളവുകളിൽ ഫാം ഫ്രെഷ് ആയിട്ടുള്ള പാൽ, പ്രകൃത്യാൽ നിർമ്മിച്ച തൈര്, നെയ്യ്, തുടങ്ങിയവയെല്ലാം ഓർഡർ അനുസരിച്ച് നിർമ്മിച്ച് നൽകി വരുന്നു.

കർഷകരിൽ നിന്നും സംഭരിക്കുന്ന പാൽ കാച്ചി ഉറ ഒഴിച്ച് തൈരാക്കുന്നതിനാൽ അതിന്റെ പോഷകഗുണം ഒട്ടും കുറയുന്നില്ല. കൂടാതെ ക്രീം സെപ്പറേറ്റർ ഉപയോഗിച്ച് ക്രീം സെപ്പറേറ്റ് ചെയ്ത് നെയ്യ്ഉണ്ടാക്കി കൊടുക്കുന്നു. ഇപ്പോൾ യോഗർട്ട് നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ മനസ്സിലാക്കി അതിന് പറ്റിയ - ഒരു മെഷിനറി നിർമ്മിക്കുന്നതിനും അതിൽ ഒരു സ്റ്റാർട്ട് അപ്പിനും സാധ്യത തേടുകയാണ് ഇദ്ദേഹം. ഇപ്പോൾ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച ലുലു മാളിലും ഇദ്ദേഹത്തിന്റെ കൃഷിപ്പുര ബ്രാൻഡിൽ ഉള്ള പ്രോഡക്ട് ആകർഷകമായ ഭരണികളിലും, ഗ്ലാസ് ബോട്ടിലുകളിലും ലഭ്യമാണ്. ഈ ബിസിനസ്സിനെല്ലാം സഹായി ആയി അച്ഛനും അമ്മയും, കുടുംബവും കൂടെയുണ്ട്. കുട്ടികൾ പാക്കിംഗ് ഉൾപ്പെടെ എല്ലാകാര്യങ്ങളിലും സഹായികളായി കൂടെയുണ്ട്. അവരുടെ പിന്തുണയോടുകൂടിയാണ് ഇദ്ദേഹത്തിന് ഈ രംഗത്ത് ചുവടുറപ്പിക്കാനായത് എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പ്രതിദിനം ഏകദേശം 100 ലിറ്ററോളം പാൽ, പാലുൽപന്നങ്ങൾ എന്നിവ നിർമ്മിച്ചു വിതരണം നടത്തുന്നതിലൂടെ എല്ലാ ചിലവും കഴിഞ്ഞ് 30% ത്തോളം ലാഭം കിട്ടുന്നതായി ഇദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു

ഈ പ്രവർത്തനങ്ങളിലൂടെ അദ്ദേഹത്തിന് കോവിഡ് എന്ന മഹാമാരിയെ സധൈര്യം നേരിടാനും ക്ഷീരോല്പന്ന നിർമ്മാണ മേഖലയിൽ വിജയമുദ്ര പതിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.


**ചീഫ് എഡിറ്റർ** : **വി.പി. സുരേഷ് കുമാർ**
(ഡയറക്ടർ, ക്ഷീരവികസന വകുപ്പ്)

**എഡിറ്റർ** : **കെ. ശശികുമാർ**
(ജോയിന്റ് ഡയറക്ടർ)

**എഡിറ്റോറിയൽ ടീം** : **സിൽവി മാത്യു**
(ഡെപ്യൂട്ടി ഡയറക്ടർ- പ്ലാനിംഗ് )
**ആർ. രാംഗോപാൽ**
(ഡെപ്യൂട്ടി ഡയറക്ടർ- എക്സ്റ്റൻഷൻ )
**ശാലിനി ഗോപിനാഥ്**
(ഡെപ്യൂട്ടി ഡയറക്ടർ- ജനറൽ )
**രജിത ആർ.**
(ഡെപ്യൂട്ടി ഡയറക്ടർ- ഐ.ടി.)
**പ്രശാന്ത് ജി.എസ്.**
(അസിസ്റ്റന്റ് ഡയറക്ടർ)
**ശ്രീജിത്ത് പി.**
(ക്ഷീരവികസന ഓഫീസർ )
**ഷീജ ആർ. നായർ**
(ഡയറി ഫാം ഇൻസ്ട്രക്ടർ)



Printed and published by V.P. Suresh Kumar, Director, Owned by Department of Dairy Development,
Government of Kerala, Pattom Palace P.O., Thiruvananthapuram-4.
Layout & Designing: Deepak Mouthatil, Printing: KBPS, Kakkanad, Cochin.
Phone: 0471-2445749, ഫാക്സ്: 0471- 2444987
ഇ-മെയിൽ- dir.dairy@kerala.gov.in